ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒന്നുവീതം 126 നിയോജകമണ്ഡലങ്ങളിലായി 126 മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്.

(ബി) കെട്ടിടം കിട്ടിയതനുസരിച്ച് മാവേലി സ്റ്റോറുകൾ തുടങ്ങാൻ അനുവാദം നൽകിയ സ്ഥലങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

റേഷൻ കാർഡുകളുടെ വിതരണം

120 (3049) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ റേഷൻ കാർഡുകളുടെ വിതരണം നിർത്തിവച്ചിരിക്കുകയാണോ;

(ബി) എങ്കിൽ അപേക്ഷകർക്ക് എത്രയുംവേഗം കാർഡുകൾ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) വ്യാപകമായ രീതിയിൽ വ്യാജ റേഷൻ കാർഡുകൾ പ്രചാരത്തിലിരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു തടയുവാൻ ഗവൺമെന്റ് സ്വീകരിച്ചതും സ്വീകരിക്കുന്നതുമായ നടപടികൾ വിശദീകരിക്കുമോ;

(ഇ) കാർഡുടമ മരണപ്പെട്ട ശേഷവും ആ കാർഡുകൾ മറ്റുള്ളവർ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ അതു നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല,

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ഇത്തരം കേസ്സുകൾ കണ്ടുപിടിക്കപ്പെട്ടാൽ കാർഡുകൾ പിടിച്ചെടുത്തു റദ്ദാക്കുന്നതാണ്.

+ അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly